# മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ

## ദൈവകൃപയാൽ ബാംഗ്ലൂർ മെത്രാസന ഇടവകയുടെ ഡോ.എബ്രഹാം മാർ സെറാഫിം മെത്രാപ്പോലീത്തായിൽ നിന്നും

C. No. 11/2023

*നമ്മുടെ എല്ലാ പള്ളികളിലെയും വികാരിമാരും സഹവികാരിമാരും ദേശത്തുപട്ടക്കാരും കൈസ്ഥാനികളും സെക്രട്ടറിമാരും മാനേജിംഗ് കമ്മിറ്റി അംഗങ്ങളും ശേഷം ജനങ്ങളും കൂടികണ്ടെന്നാൽ നിങ്ങൾക്ക് വാഴ്വ്.*

പ്രിയരെ, നമ്മുടെ വൈദികർ നേതൃത്വം നൽകുന്ന ബാംഗ്ലൂർ ഓർത്തഡോക്സ് ഭദ്രാസന ഗോസ്പൽ ടീം ഭദ്രാസനത്തിലെ വിവിധ ദേവാലയങ്ങളിൽ ഇതിനകം ആത്മീകചൈതന്യം പകരുന്ന ശുശ്രൂഷകൾ നിർവഹിക്കുകയുണ്ടായി. പെരുന്നാളുകളോടനുബന്ധിച്ചുള്ള ഗാനശുശ്രൂഷ, വചനശുശ്രൂഷ, മദ്ധ്യസ്ഥ പ്രാർത്ഥന എന്നിവയ്ക്കു പുറമെ നോമ്പുകാല ധ്യാനം, വിശുദ്ധ കുമ്പസാരം തുടങ്ങിയവയ്ക്കും അവർ നേതൃത്വം നൽകിവരുന്നു. ശുശ്രൂഷകൾ നിർവ്വഹിച്ച ദേവാലയങ്ങൾ നൽകിയ തുകകൾ സംഭരിച്ച് കൊറോണകാലത്തെ വിവിധ ജീവകാരുണ്യ പദ്ധതികളിൽ പങ്കാളിയാകുന്നതിനും ഭദ്രാസന ജൂബിലിയുടെ ഭാഗമായി വാങ്ങി നൽകിയ ഡയാലിസിസ് മെഷീനുകൾക്ക് സംഭാവന നൽകുന്നതിനും മെൽത്തോ കൺവൻഷന് സാമ്പത്തികസഹായം നല്കുന്നതിനും ഗോസ്പൽ ടീമിന് സാധിച്ചു. നമ്മുടെ ഭദ്രാസനത്തിലെ എല്ലാ ദേവാലയങ്ങളിലും ഗോസ്പൽ ടീം സന്ദർശിച്ച് ശുശ്രൂഷ നിർവ്വഹിക്കുന്നതിനും ഇതിനുമുമ്പ് നടത്തിയ ദേവാലയങ്ങളിൽ വീണ്ടും അവർ വന്ന് ശുശ്രൂഷകൾ നടത്തുന്നതിനും ഇടവക വികാരിമാർ ശ്രദ്ധിക്കുകയും ഇടവകകളിൽ അതിനുവേണ്ട ക്രമീകരണങ്ങൾ ഉണ്ടാവുകയും ചെയ്യണം. കൂടാതെ, നമ്മുടെ ഇടവകകളിലെ ഗായകസംഘങ്ങൾ ലഭ്യമല്ലാതെ വരുന്ന സാഹചര്യങ്ങളിൽ വിവാഹം, മാമോദീസ തുടങ്ങിയ കൂദാശകൾക്കും സഹായിക്കുവാൻ ഗോസ്പൽ ടീം സന്നദ്ധമാണ്. താഴെപറയുന്ന വൈദികർ ഗോസ്പൽ ടീം അംഗങ്ങളാണ്.

1. Very Rev. T. K. Thomas Cor-Episcopa (Vice-president)
2. Rev. Fr. Varghese P. Idichandi (Co-ordinator)
3. Rev. Fr. Santhosh Samuel K. (Treasurer)
4. Rev. Fr. Dr. Abraham Thomas
5. Rev. Fr. Lijo Joseph
6. Rev. Fr. Aby K. Raju
7. Rev. Fr. Shijo S.

*ശേഷം പിന്നാലെ. ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും നിങ്ങളേവരോടും കൂടെ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ.*

**ഡോ. ഏബ്രഹാം മാർ സെറാഫിം മെത്രാപ്പോലീത്ത**

2023 ജൂൺ മാസം 23-ാം തീയതി
ബാംഗ്ലൂർ ഓർത്തഡോക്സ് അരമനയിൽ നിന്നും